ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE : 11-04-2025**

## പ്രധാനവാർത്തകൾ

1. വയനാട് ഉരുൾപ്പൊട്ടൽ പുനരധിവാസ പദ്ധതിക്കായി എൽസ്റ്റൺ എസ്റ്റേറ്റിൽ നിന്ന് ഭൂമി ഏറ്റെടുക്കുന്നതിന് തടസ്സമില്ലെന്ന് ഹൈക്കോടതി. സർക്കാർ 17 കോടി രൂപ കൂടി കെട്ടിവയ്ക്കണമെന്നും ഇടക്കാല ഉത്തരവ്.

2. കടൽത്തീരങ്ങളും ജലാശയങ്ങളും ഉൾപ്പെടെ ശുചീകരിച്ചാൽ മാത്രമെ മാലിന്യമുക്തം നവകേരളം പദ്ധതി പൂർണ്ണമാകൂവെന്ന് മന്ത്രി എം.ബി.രാജേഷ്.

3. കൺസ്യൂമർഫെഡിൻറെ വിഷു-ഈസ്റ്റർ സഹകരണ വിപണികൾ മന്ത്രി വി.എൻ.വാസവൻ ഇന്ന് ഉദ്ഘാടനം ചെയ്യും.

4. പത്തനംതിട്ടയിൽ കോവിഡ് ബാധിതയെ പീഡിപ്പിച്ച കേസിൽ പ്രതി നൗഫലിന് ജീവപര്യന്തം തടവ് ശിക്ഷ.

5. ഐപിഎല്ലിൽ ഇന്ന് കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് -ചെന്നൈ സൂപ്പർ കിംഗ്സ് പോരാട്ടം.

*****************************************

RNUTVPM

## വയനാട് - ഹൈക്കോടതി

വയനാട് ഉരുൾപ്പൊട്ടൽ പുനരധിവാസ പദ്ധതിക്കായി എൽസ്റ്റൺ എസ്റ്റേറ്റിൽ നിന്ന് ഭൂമി ഏറ്റെടുക്കുന്നതിന് തടസ്സമില്ലെന്ന് ഹൈക്കോടതി. ഭൂമിക്ക് 17 കോടി രൂപ കൂടി കെട്ടിവയ്ക്കാനും ഹൈക്കോടതി ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചു. മുൻപ് ഭൂമി വിലയായി സർക്കാർ നിശ്ചയിച്ച 26 കോടി രൂപയ്ക്ക് പുറമെയാണിത്. ഏറ്റെടുത്ത സ്ഥലത്തിന് കൂടുതൽ പണം നൽകണമെന്ന് ആവശ്യപ്പെട്ട് എൽസ്റ്റൺ നൽകിയ ഹർജിയി ഫയലിൽ സ്വീകരിച്ചുകൊണ്ടാണ് ഇടക്കാല ഉത്തരവ്.

*******************************************

## പ്ലാസ്റ്റിക് -എം.ബി.രാജേഷ് .. (ഇൻട്രോ)

RNU TVPM

കടൽത്തീരങ്ങളും ജലാശയങ്ങളും ഉൾപ്പെടെ ശുചീകരിച്ചാൽ മാത്രമെ മാലിന്യമുക്തം നവകേരളം പദ്ധതി പൂർണ്ണമാകുകയുള്ളൂവെന്ന് മന്ത്രി എം.ബി.രാജേഷ്. മത്സ്യസമ്പത്തിന്റെ സംരക്ഷണവും തീരദേശ വികസനവും ലക്ഷ്യമിട്ട് നടപ്പാക്കുന്ന ശുചിത്വസാഗരം സുന്ദരതീരം പദ്ധതിയുടെ ഭാഗമായുള്ള പ്ലാസ്റ്റിക് നിർമാർജന യജ്ഞത്തിന് തുടക്കം കുറിക്കുകയായിരുന്നു മന്ത്രി. യജ്ഞം നടപ്പിലാക്കുന്ന ഫിഷറീസ് വകുപ്പിനെ മന്ത്രി അഭിനന്ദിച്ചു.

(ഹോൾഡ്) (വോയ്സ്)

സംസ്ഥാനത്തുടനീളം 50 കേന്ദ്രങ്ങളിലാണ് യജ്ഞം സംഘടിപ്പിക്കുന്നത്.

*******************************************

## കോവിഡ് ബാധിത - കേസ്

പത്തനംതിട്ടയിൽ കോവിഡ് ബാധിതയെ ആംബുലൻസിൽ വച്ച് പീഡിപ്പിച്ചകേസിൽ പ്രതി കായംകുളം സ്വദേശി നൗഫലിന്

ജീവപര്യന്തം ശിക്ഷ. പത്തനംതിട്ട പ്രിൻസിപ്പൽ സെഷൻസ് കോടതിയാണ് ശിക്ഷ വിധിച്ചത്. 2020-ൽ കോവിഡ് സെൻററിലേയ്ക്ക് ആംബുലൻസിൽ കൊണ്ടുപോകുംവഴിയാണ് പ്രതി കുറ്റകൃത്യം നടത്തിയത്. തടവുശിക്ഷയ്ക്ക് പുറമെ ഒരു ലക്ഷത്തി 8,000 രൂപ പിഴയും ചുമത്തിയിട്ടുണ്ട്. അന്വേഷണം സങ്കീർണ്ണമായിരുന്നെങ്കിലും പീഡനത്തിനിരയായ പെൺകുട്ടി ധൈര്യപൂർവ്വം മുന്നോട്ടുവന്നത് അന്വേഷണത്തിന് ഗുണകരമായെന്ന് അഡീഷണൽ എസ്. പി - ആർ ബിനു അറിയിച്ചു.

******************************************

## വിഷു- ഈസ്റ്റർ സഹകരണ വിപണി

കൺസ്യൂമർഫെഡിൻറെ വിഷു-ഈസ്റ്റർ സഹകരണ വിപണികൾക്ക് ഇന്ന് തുടക്കമാകും. സംസ്ഥാനതല ഉദ്ഘാടനം മന്ത്രി വി എൻ വാസവൻ ഇന്ന് തിരുവനന്തപുരത്ത് നിർവഹിക്കും. നാളെ മുതൽ ഈ മാസം 21 വരെയാണ് വിഷു-ഈസ്റ്റർ സബ്സിഡി വിപണി സജ്ജീകരിച്ചിരിക്കുന്നത്.

RNU TVPM

******************************************

## വിഷു - കണ്ണൂർ.. (ഇൻട്രോ)

മലയാളിയുടെ ഗൃഹാതുരതയുടെ ആഘോഷമായ വിഷുക്കാലം വരവായി. നാടെങ്ങും വിഷുവിനെ വരവേൽക്കാൻ ഒരുങ്ങി ക്കഴിഞ്ഞു. **ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ തയ്യാറാക്കിയ റിപ്പോർട്ട്.**

(വോയ്സ്)

******************************************

## വിഷു-റംസാൻ - കാർണിവൽ (ഇൻട്രോ)

സുസ്ഥിര തൃത്താല പരിപാടിയുടെ ഭാഗമായി സംഘടപ്പിക്കുന്ന വിഷു-റംസാൻ കാർഷിക കാർണിവലിന്

പാലക്കാട് നാഗലശ്ശേരി വാഴക്കാട് പാടശേഖരത്തിൽ ഇന്ന് തുടക്കമാകും. മൂന്ന് ദിവസം നീണ്ടുനിൽക്കുന്ന കാർണിവലിന്റെ സമാപന സമ്മേളനം ഞായറാഴ്ച മന്ത്രി എം.ബി.രാജേഷ് ഉൽഘാടനം ചെയ്യും.

**വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്....**

(വോയ്സ്)

*******************************************

## മോക്ക് ഡ്രിൽ

ദേശീയ -സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റികൾ സംയുക്തമായി ഇന്ന് സംസ്ഥാനത്ത് മോക്ക് ഡ്രിൽ സംഘടിപ്പിച്ചു. ചുഴലിക്കാറ്റിനെയും അനുബന്ധ ദുരന്തങ്ങളേയും നേരിടാനുള്ള തയ്യാറെടുപ്പുകൾ വിലയിരുത്തുന്നതിനായാണ് 12 ജില്ലകളിലെ 24 സ്ഥലങ്ങളിൽ ഒരേ സമയം മോക്ക്ഡ്രിൽ സംഘടിപ്പിച്ചത്. അപകട സ്ഥലത്തെ രക്ഷാ- പ്രതികരണ പ്രവർത്തനങ്ങളുടെ ഏകോപനം ഉൾപ്പെടെ മോക്ഡ്രില്ലിൽ വിലയിരുത്തി.

RNU TVPM

*******************************************

## ഫോൺ പിടികൂടി

കൊച്ചി വിമാനത്താവളത്തിൽ നാല് സാറ്റലൈറ്റ് ഫോണുകളുമായി എത്തിയ യാത്രക്കാരനെ സുരക്ഷാ വിഭാഗം പിടികൂടി. ഡൽഹിയിൽ നിന്നും എത്തിയ കൗശൽ ഉമാംഗാണ് പിടിയിലായത്. ഇയാളെ ചോദ്യം ചെയ്ത ശേഷം വിട്ടയച്ചു. ഫോണുകൾ കോടതിയിൽ ഹാജരാക്കുമെന്ന് അധികൃതർ പറഞ്ഞു.

*******************************************

ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.....

*****************************************

## പ്രധാനമന്ത്രി - സന്ദർശനം

ഉത്തർപ്രദേശിലെ വാരാണസിയിൽ 3,880 കോടി രൂപയുടെ വിവിധ വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി തുടക്കം കുറിച്ചു. 70 വയസ്സിന് മുകളിലുള്ള മുതിർന്ന പൗരന്മാർക്കായുള്ള ആയുഷ്മാൻ വയ വന്ദന കാർഡുകൾ അദ്ദേഹം കൈമാറി. തുടർന്ന് മധ്യപ്രദേശിലെത്തുന്ന പ്രധാനമന്ത്രി ആനന്ദ്പൂർ ധാമിൽ പൊതുപരിപാടിയെ അഭിസംബോധന ചെയ്യും.

*****************************************

## ജോർജ്ജ് കുര്യൻ - കോഴിക്കോട്

RNU TVPM

കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ നാളെ കോഴിക്കോട് സന്ദർശിക്കും. വടകരയിലെ സർക്കാർ ജില്ലാ ആശുപത്രിയുടെ രണ്ടാം ഘട്ടത്തിൻറെ തറക്കലിടൽ അദ്ദേഹം നിർവ്വഹിക്കും. നാളെ രാവിലെ 10.30 നാണ് പരിപാടി.

*****************************************

## പൈങ്കുനി - പമ്പ

പത്ത് നാൾ നീണ്ട പൈങ്കുനി ഉത്രം മഹോത്സവത്തിൻ്റെ ഭാഗമായി ഇന്ന് പമ്പയിൽ ആറാട്ട് നടന്നു. വൈകിട്ട് നാലുവരെ സ്ത്രീകളുൾപ്പെടെയുള്ള ഭക്തജനങ്ങൾക്ക് പമ്പ ഗണപതി കോവിലിൽ പറയിടുന്നതിനും സാധിക്കും. തുടർന്ന് ആറാട്ട് ഘോഷയാത്ര സന്നിധാനത്ത് എത്തിച്ചേർന്ന ശേഷം ഉത്സവത്തിന് കൊടിയിറങ്ങും

*****************************************

## പൈങ്കുനി-തിരുവനന്തപുരം .. (ഇൻട്രോ)

ശ്രീപദ്മനാഭസ്വാമി ക്ഷേത്രത്തിലെ പൈങ്കുനി ഉത്സവത്തോടനുബന്ധിച്ചുള്ള ആറാട്ട് ഇന്ന്. ഘോഷയാത്രയുടെ ഭാഗമായി തിരുവനന്തപുരം അന്താരാഷ്ട്ര വിമാന ത്താവളത്തിലെ റൺവേ ഇന്ന് വൈകുന്നേരം 4.45 മ മുതൽ രാത്രി 9 മണി വരെ അടച്ചിടും.

**വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്.**

(വോയ്സ്)

*******************************************

## ഐപിഎൽ

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് കൊൽക്കത്ത നൈറ്റ് റൈഡേഴ്സും ചെന്നൈ സൂപ്പർ കിംഗ്സും ഏറ്റുമുട്ടും. രാത്രി 7.30 ന് ചെന്നൈ എം എ ചിദംബരം സ്റ്റേഡിയത്തിലാണ് മത്സരം. പരിക്കേറ്റ് പിന്മാറിയ ഋതുരാജ് ഗെയ്ക്വാദിന് പകരം മുൻ നായകൻ മഹേന്ദ്ര സിംഗ് ധോണിയെ മുഴുവൻ സമയ ക്യാപ്റ്റനായി സിഎസ്കെ പ്രഖ്യാപിച്ചു.

RNU TVPM

*******************************************

## ഓഹരി - സ്വർണ്ണം

രാജ്യത്തെ ഓഹരി വിപണികൾ നേട്ടത്തിൽ വ്യാപാരം തുടരുന്നു. സെൻസെക്സ് 1,531 പോയിൻറ് ഉയർന്ന് 75,375 ലും നിഫ്റ്റി 488 പോയിൻറ് വർദ്ധിച്ച് 22,889 ലും വ്യാപാരം പുരോഗമിക്കുന്നു. സ്വർണ്ണ വിലയിൽ വർധന. ഗ്രാമിന് 185 രൂപ കൂടി 8,745 രൂപയും, പവന് 1,480 രൂപ കൂടി 69,960 രൂപയുമാണ് ഇന്നത്തെ സ്വർണ്ണ വില.

*******************************************

## കെ.എം. എബ്രഹാം - വിജിലൻസ്

വരവിൽ കവിഞ്ഞ സ്വത്ത് സമ്പാദിച്ചെന്ന പരാതിയിൽ മുൻ ചീഫ് സെക്രട്ടറി കെ എം എബ്രഹാനെതിരെ സിബിഐ അന്വേഷണത്തിന് ഹൈക്കോടതി ഉത്തരവ്. കൊച്ചി സിബിഐ യൂണിറ്റിനാണ് കോടതി നിർദ്ദേശം നൽകിയിരിക്കുന്നത്. ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ആയിരുന്നപ്പോൾ കെ എം എബ്രഹാം വരവിൽ കവിഞ്ഞ സ്വത്ത് സമ്പാദിച്ചെന്നാണ് പരാതി.

*****************************************

## കൊലപാതകം-തൃശ്ശൂർ

തൃശ്ശൂർ മാളയിൽ ആറ് വയസുകാരനെ കൊലപ്പെടുത്തിയ കേസിൽ ഇരുപതുകാരൻ കസ്റ്റഡിയിൽ. ഇയാളെ ചോദ്യം ചെയ്യു വരികയാണ്. അയൽവാസിയായ ജോജോയാണ് പ്രതി. പ്രകൃതി വിരുദ്ധ പീഡനത്തെ എതിർത്തത് കൊലപാതകത്തിലേക്ക് നയിക്കുകയായിരുന്നുവെന്ന് തൃശൂർ റൂറൽ എസ് പി- ബി.കൃഷ്ണകുമാർ അറിയിച്ചു.

RNU TVPM

*****************************************

## ശൂരനാട് രാജശേഖരൻ അന്തരിച്ചു

മുതിർന്ന കോൺഗ്രസ് നേതാവും മുൻ ഡി സി സി പ്രസിഡന്റും കെ പി സി സി രാഷ്ട്രീയകാര്യ സമിതി അംഗവുമായിരുന്ന ശൂരനാട് രാജശേഖരൻറെ സംസ്കാരം ഇന്ന്. വൈകിട്ട് ചാത്തനൂരിലെ വീട്ടുവളപ്പിലായിരിക്കും സംസ്കാരം. എറണാകുളത്തെ സ്വകാര്യ ആശുപത്രിയിൽ ഇന്ന് പുലർച്ചയായിരുന്നു അദ്ദേഹത്തിൻറെ അന്ത്യം.

*****************************************

## യുപിഎസ്സി- മെട്രോ

യുപിഎസ്സി പരീക്ഷ പ്രമാണിച്ച് ഞായറാഴ്ച കൊച്ചി മെട്രോ സർവ്വീസ് നേരത്തെയാക്കി. രാവിലെ 7.30 ന് പകരം 7 മണി മുതൽ ആലുവയിൽ നിന്നും തൃപ്പൂണിത്തുറയിൽ നിന്നും സർവ്വീസ് ആരംഭിക്കും.

****************************************

## കാട്ടുപോത്ത് - ഇടുക്കി

ഇടുക്കി കുമളിയിൽ ജനവാസ മേഖലയിൽ കാട്ടുപോത്ത് സ്ഥിരമായി എത്തുന്നു. കൊല്ലംപട്ടട കുരിശുമല പ്രദേശത്താണ് കാട്ടുപോത്ത് അടിക്കടി എത്തുന്നത്. പകൽസമയത്തും വീടിനു പുറത്തിറങ്ങാൻ കഴിയാത്ത അവസ്ഥയിൽ നാട്ടുകാർ .

****************************************

## ബാഡ്മിൻറൺ ടേബിൾ ടെന്നീസ്-മുഖ്യമന്ത്രി

പ്രഥമ അഖിലേന്ത്യ പോലീസ് ബാഡ്മിൻറൺ ടേബിൾ ടെന്നീസ് ക്ലസ്റ്റർ ഇന്ന് കൊച്ചി കടവന്ത്ര രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ ആരംഭിക്കും. മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. 43 ടീമുകൾ അണിനിരക്കുന്ന മത്സരങ്ങളിൽ 208 വനിതകൾ ഉൾപ്പെടെ 1030 ലധികം കായികതാരങ്ങൾ പങ്കെടുക്കുന്നുണ്ട്. അഖിലേന്ത്യ പോലീസ് സ്പോർട്സ് കൺട്രോൾ ബോർഡിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന മത്സരങ്ങൾ ഈ മാസം 15ന് സമാപിക്കും.

**************************************************************************************************
*************************

RJU TVPM